ഉത്തരം

(എ) 32.

(ബി)

തിരുവനന്തപുരം	..	6
കൊല്ലം	..	2
പത്തനംതിട്ട	..	1
ആലപ്പുഴ	..	2
ഇടുക്കി	..	1
എറണാകുളം	..	1
തൃശ്ശൂർ	..	1
പാലക്കാട്	..	3
മലപ്പുറം	..	5
കോഴിക്കോട്	..	5
വയനാട്	..	2
കണ്ണൂർ	..	3

സ്ഥാപനങ്ങളുടെ പേരുകളടങ്ങിയ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) എൻ. ടി. റ്റി. ഇ., റ്റി. റ്റി. ഐ.-കൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

പ്രൊഫഷണൽ കോളേജ് പ്രവേശനത്തിൽ പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാന പരിധി

385 [2446] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് സംവരണം ലഭിക്കുന്നതിനുള്ള വരുമാനപരിധി എത്രയാണ്;

(ബി) പ്രസ്തുത സംവരണത്തിന് വരുമാന പരിധി കണക്കാക്കുമ്പോൾ ഏതെല്ലാം ഇനത്തിലുള്ള വരവുകളാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധമായ ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വരുമാന പരിധി പ്രതിവർഷം 2.5 ലക്ഷം രൂപയാണ്.

(ബി) വരുമാന പരിധി കണക്കാക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും എല്ലാത്തരത്തിലുള്ള വരുമാനവും ചേർത്ത് കണക്കാക്കുന്നു. ശമ്പളം ലഭിക്കുന്നവരുണ്ടെങ്കിൽ അവരുടെ അടിസ്ഥാന ശമ്പളവും ഡി. എ.-യും ചേർത്ത് കണക്കാക്കിയാണ് വരുമാനം നിശ്ചയിക്കുന്നത്.

(സി) 5-6-2002-ലെ ജി. ഒ. (എം. എസ്.) 30/02/എസ്. സി. എസ്. റ്റി. ഡി. ഡി. നമ്പരായുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളും നൽകിയ ഫീസും

386 [2447] ശ്രീ. പി. ടി. തോമസ്:

,, എൻ. ശക്തൻ:

,, ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും എത്ര വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകിയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞവർഷം മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവരും മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിച്ചവരും എന്ത് തുക വീതമാണ് ഫീസ് നൽകിയത്?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിൽ മാത്രമാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകുന്നത്. മാനേജ്മെന്റ് സീറ്റുകളിൽ അതാത് മാനേജ്മെന്റുകളാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്. ഓരോ സ്വാശ്രയ കോളേജിലും ഗവൺമെന്റ് സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കഴിഞ്ഞവർഷം സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർ അടയ്ക്കേണ്ടിയിരുന്ന ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly